നം.7960/ഇ1/2019/കെ.എസ്.എച്ച്.ഒ 13/10/2021

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) **സംസ്ഥാന മിഷൻ ഓഫീസിൽ പബ്ലിക് റിലേഷൻസ് ഓഫീസർ** തസ്തികയിലെ ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിന് യോഗ്യരായ സംസ്ഥാന സർക്കാർ/ കേന്ദ്രസർക്കാർ /അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യതയുള്ള ജീവനക്കാർ കെഎസ്ആർ ചട്ടങ്ങൾ പ്രകാരം എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

**തസ്തിക : പബ്ലിക് റിലേഷൻസൻസ് ഓഫീസർ (കുടുംബശ്രീ സംസ്ഥാന മിഷൻ)**

ഒഴിവ് : 1

**ശമ്പള സ്കെയിൽ : 59300–120900** (പുതുക്കിയത്) - ടി ശമ്പള സ്കെയിലിൽ ഉൾപ്പെട്ട ജീവനക്കാരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം.
- ജേർണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയോ, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയോ ഉള്ളവർക്ക് മുൻഗണന.
- സർക്കാർ /അർദ്ധസർക്കാർ/കേന്ദ്രസർക്കാർ സർവ്വീസിലോ, പ്രമുഖ എൻ.ജി.ഒ.കളിലോ ചുരുങ്ങിയത് 5 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്ന വരുമായിരിക്കണം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഇംഗ്ലീഷിൽ അവതരണം നടത്താനും, മികച്ച ഡ്രാഫ്റ്റിംഗ് നടത്താനുമുള്ള സ്കിൽ വേണം.

**നിയമനരീതി**

- നിശ്ചിത യോഗ്യതയുള്ളവർ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫോർമാറ്റിൽ അപേക്ഷയും, വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രവും സമയബന്ധിതമായി സമർപ്പിക്കണം.
- യോഗ്യതകളുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും ഡെപ്യൂട്ടേഷൻ നിയമനത്തിനായി ശുപാർശ ചെയ്യുക.
- **ബയോഡാറ്റയിൽ, കമ്മ്യൂണിക്കേഷൻ അഡ്രസ്സ്, ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇ-മെയിലൂടെയായിരിക്കും കുടുംബശ്രീയിൽ നിന്നും തുടർന്നുള്ള അറിയിപ്പുകൾ നൽകുന്നത്.**

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

**ഇ-മെയിൽ ഐ.ഡി** : kudumbashree1@gmail.com

**പ്രധാന തീയതികൾ**

- അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **30/10/2021 വൈകുന്നേരം 4.00 മണി**

**നിയമനത്തോടനുബന്ധിച്ചുള്ള തുടർനടപടികൾ യോഗ്യരായ അപേക്ഷകരെ ഇ-മെയിൽ മുഖാന്തിരം അറിയിക്കുന്നതാണ്.**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ